(ബി) അവയുടെ പേരുവിവരം പറയാമോ ;

(സി) അപ്രകാരം മഴിവാക്കപ്പെട്ട കൊട്ടാരങ്ങളുടെ പെലവുകൾ വഹിക്കുന്നതു് ആരാണു്;

(ഡി) അപ്രകാരമുള്ള കൊട്ടാരങ്ങൾ ഗവണ്മെൻറാഫീസുകളായി ഉപയോഗിക്കുന്നതിനു് ആലോചനയുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ആലോചിക്കുവാൻ മയവുണ്ടാകുമോ ;

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ചോദ്യംകൊണ്ടു് എന്താണു് ഉദ്ദേശിക്കുന്നതു എന്നു് വ്യക്തമല്ലാത്തതിനാൽ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(ബി, സി, ഡി, ഇ) (എ) വിഭാഗത്തിൻെറ ഉത്തരം അനുസരിച്ചു് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ആയുർവ്വേദാശുപത്രിക്കെട്ടിടം

ക്ര൯ ൪. (൯) ശ്രീ. കോന്നനാട്ടു് കുഞ്ഞിരാമമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി ഡിവിഷനിൽ, തലപ്പിള്ളി താലൂക്കിൽ ചെറുതുരുത്തി വില്ലേജിൽ സ്ഥിതിചെയ്യുന്ന ആയുർവ്വേദാശുപത്രിയുടെ കെട്ടിടത്തിനു ഗവണ്മെൻറിൽനിന്നും എത്ര വില കൊടുത്തിട്ടുണ്ടെന്നു് പറയുവാൻ മയവുണ്ടാകുമോ;

(ബി) അവിടെനിന്നും ആസ്പത്രി സ്ഥാപിച്ചതിനുശേഷം വാടകവകയിൽ എത്ര പിരിഞ്ഞിട്ടുണ്ടെന്നു് പറയുവാൻ മയവുണ്ടാകുമോ ;

(സി) ആ കെട്ടിടങ്ങൾ കൂടുതൽ ഉപകാരപ്രദമാക്കുവാൻ വല്ല പദ്ധതികളും ആലോചിപ്പാൻ ഗവണ്മെൻറിനു മയവുണ്ടാകുമോ?

ബഹു. ശ്രീ. എ. ജെ. ജാൻ :

(എ) എല്ലാ കെട്ടിടങ്ങൾക്കും പറമ്പിനും കൂടി ൧൯൨൫— ൦— ൦ ക. കൊടുത്തു.

(ബി) ൧൯൨൯ അവസാനത്തിലാണു് ആസ്പത്രിയിൽ പേ വാർഡു തുടങ്ങിയതു് പേ വാർഡിൽ പ്രവേശനം അനുവദിച്ചിട്ടുള്ള രോഗികളിൽനിന്നു് വാടക വകയിലേക്കു്.

൧൯൨൯–ൽ ൪ ക. ൧൫ ണ. ൦ പൈയും,

൧൯൩൫–ൽ ൨൩ ൧ ക. ൩ ണ. ൦ പൈയും,

൧൯൩൬ തുലാമാസംവരെ ൪൯ ക. ൫ ണ. ൦ പൈയും പിരിഞ്ഞിട്ടുണ്ടു്.

(സി) പൊതുജനങ്ങൾക്കു് ഉപകാരപ്രദമായ രീതിയിലാണു് ആശുപത്രി നടത്തുന്നതു്.

സാഹിബു് ബഹദൂർ സ്ഥാനം

ക്ര൯ ൩. (൧൩) ശ്രീ. ടി. എസ്സു്. ബന്ധു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാന മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അസംബ്ലി നടപടികളിലും മറ്റു ഗവണ്മെൻറു രേഖകളിലും ആളുകളുടെ പേരിനുമുമ്പിൽ ശ്രീ. എന്നാണു് ചേർക്കേണ്ടതെന്നു് ഗവണ്മെൻറു വ്യവസ്ഥ ചെയ്തിട്ടില്ലേ ;

(ബി) ആ സ്ഥാനത്തു് മുസ്ലീം സമുദായക്കാരുടെ പേരിനുമുമ്പിൽ സാഹിബു് ബഹദൂർ എന്ന സ്ഥാനം ചേർത്തുവരുന്നതു ഗവണ്മെൻറു തീരുമാനത്തിനു് വിരുദ്ധമല്ലേ ;

(സി) മദിരാശിയിലും മറ്റു സംസ്ഥാനങ്ങളിലും മുസ്ലീം സമുദായക്കാരുടെ പേരിനുമുമ്പിൽ അവിടത്തെ ഗവണ്മെൻറുകൾ സാഹിബു് ബഹദൂർ സ്ഥാനം ചേർത്തുവരുന്നുണ്ടോ ;

(ഡി) മേലിലെങ്കിലും ജാതിമതവ്യത്യാസം കൂടാതെ എല്ലാവരുടേയും പേരിനുമുമ്പിൽ ശ്രീ. എന്നു മാത്രം ചേർക്കുവാൻ ഗവണ്മെൻറിനു മയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ടു്.

(ബി) അങ്ങിനെ തോന്നുന്നില്ല

(സി) നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അങ്ങനെയാണ് എല്ലാവരുടേയും അഭിലാഷമെങ്കിൽ ഗവണ്മെൻറ അതിനെക്കുറിച്ച് ചിന്തിക്കുന്നതാണ്.

പ്രൈമറി ക്ലാസ്സുകൾക്കുള്ള ഗ്രാൻറ്

ക്വ. ൬. (ക്വ൪) ശ്രീ. ടി. എസ്സ്. ബന്ധു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്വിലോൺ-ൽ ലോവർ സെക്കണ്ടറി സ്കൂളുകളിൽ പുതുതായി തുടങ്ങിയ പ്രൈമറി ക്ലാസ്സുകൾക്ക് അതെ കൊല്ലം മുതൽ ഗ്രാൻറ് നൽകുന്ന സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ഗ്രാൻറ അനുവദിച്ചിട്ടുള്ളത് ;

(സി) ഏതേതു സ്കൂളുകൾക്കിതിനകം ഗ്രാൻറ കൊടുത്തിട്ടുണ്ട് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ഗ്രാൻറ സ്കൂളുകളിലെ അഴിമതികൾ

ക്വ൯ ൭. (ക്വ൩) ശ്രീ. ടി. എസ്സ്. ബന്ധു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗ്രാൻറ സ്കൂളുകളിലെ സ്ഥിരം ഒഴിവുകളിൽ ടെയിനിംഗ് കഴിക്കാത്തവരെ എക്സംപ്ഷൻ കൊടുത്തു നിയമിക്കുകയും, അവർ ശരാശരിയിലധികരായോ, സ്ത്രീകളാണെങ്കിൽ പ്രസവാവധിയിലോ മറ്റോ ലീവെടുത്തു കഴിഞ്ഞാൽ ആ ഒഴിവിൽ ടെയിനിംഗ് കഴിഞ്ഞവരെ നിയമിക്കുകയാണെങ്കിൽ, മുൻ നിയമിച്ചയാൾക്കു അവകാശമില്ലാത്തതാക്കി തീർക്കുന്ന പതിവു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മാനേജുമെൻറ സ്കൂളുകളിൽ നടത്തുന്ന അത്തരം അഴിമതികൾ നിറുത്തൽ ചെയ്യുവാൻ ഗവണ്മെൻറിനു ഭയമുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഇല്ല.

(ബി) ഉദ്യോഗസ്ഥൻമാർ ചൂണ്ടിക്കാണിച്ചാൽ വേണ്ട നടപടികൾ നടത്തുന്നതാണ്.

Short Notice Question Unstarred

വാട്ടർ ടാക്സ്

ക്വ൯. (൯) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ വിവരിക്കുന്ന വിവരങ്ങൾ ഇപ്പോൾമാത്രം മനസ്സിലായതുകൊണ്ട് ഈ Short notice question അയക്കുന്നതാണ്. ദയവായി മറുപടി തരുന്നതിനു അപേക്ഷ.—

(എ) ലിഫ്റ്റ് ഇറിഗേഷൻവഴി കൃഷിക്കു വെള്ളം കൊടുക്കുന്നതിനുള്ള വാട്ടർ ടാക്സ് കൂട്ടുവാൻ ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി.) ഉണ്ടെങ്കിൽ ഏക്കർ ഒന്നിനു എത്ര രൂകയാണ് പിരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത് ;

(സി) മുമ്പു പിരിച്ചിരുന്നതു എത്രയാണ് ;

(ഡി) ഇപ്പോൾ കൂട്ടുവാൻ പ്രത്യേകം കാരണം വല്ലതുമുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണ് ;

(ഇ) കൂടുതൽ റേറ് എന്നുമുതൽക്കാണ് പിരിക്കുന്നതു ;

(എഫ്) റേറ് കൂട്ടുന്നതുകൊണ്ടു സാധുകർഷകർക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നു ഗവണ്മെണ്ടു മനസ്സിലാക്കീട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് :

(എ) വെള്ളക്കരം കൂട്ടേണ്ട കാര്യം ഗവണ്മെണ്ടു ആലോചനയിൽ ഇരിക്കുന്നു.

(ബി) ഏക്കറിനു ൨൫ രൂ. വീതം

(സി) ഏക്കറിനു ൧൫ രൂ. വീതം.

(ഡി) ഗവണ്മെണ്ടിനു ഇപ്പോൾ നിലവിലിരിക്കുന്ന വെള്ളക്കരത്തിൻെറ ഇരട്ടിയിൽ കൂടുതൽ ഏക്കർ ഒന്നുക്കു ചിലവാകുന്നുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly